പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4738 — 5.2.2014-ൽ മറുപടിക്ക്

## മാലിന്യസംസ്കരണ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>,, വി. ശിവൻകുട്ടി<br>,, കെ. സുരേഷ് കുറുപ്പ്<br>,, എ. പ്രദീപ് കുമാർ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്തൊട്ടാകെ മാലിന്യസംസ്കരണം സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | എ) | ഇല്ല. |
| ബി) | മാലിന്യ സംസ്കരണം കൃത്യമായി നടക്കുന്നു എന്നുറപ്പ് വരുത്താനും അതിനുള്ള പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കാനും സാധ്യമായിട്ടുണ്ടോ ; | ബി) | കാര്യക്ഷമമായി നടപ്പിൽ വരുത്താനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |
| സി) | പന്ത്രണ്ടാം പദ്ധതിയുടെ ഇതേവരെയുള്ള കാലയളവിൽ മാലിന്യ നിർമ്മാർജ്ജനത്തിനായുള്ള ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ ? | സി) | പൂർണ്ണമായും സാധിച്ചിട്ടില്ല. ഇതു സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പ്ലാന്റിൽ എത്തേണ്ട മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കുന്നതിന്റെ ഭാഗമായി മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് സംസ്ക്കരിക്കേണ്ട പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്. ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് 50% തുക സർക്കാർ സബ്സിഡിയും, 25% തുക തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സബ്സിഡിയായും, കമ്പോസ്റ്റിംഗ് സംവിധാനം നടപ്പിലാക്കുന്ന ഗുണഭോക്താക്കൾക്ക് 75% തുക സർക്കാർ സബ്സിഡിയായും 15% തുക തദ്ദേശ സ്വയം ഭരണ സ്ഥാപന സബ്സിഡിയായും നൽകി പ്രോത്സാഹിപ്പിച്ചു വരുന്നു.<br>കേരളത്തിലെ പ്രധാന നഗരങ്ങളിൽ നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ മറ്റ് വിദേശ രാജ്യങ്ങളിൽ നടപ്പിലാക്കി വിജയമെന്ന് കണ്ട മാതൃകയിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭഘട്ടമെന്ന നിലയിൽ തിരുവനന്തപുരത്ത് കെ.എസ്.ഐ.ഡി.സി.യെയും, കൊച്ചി നഗരസഭയെ സഹായിക്കാനായി KITCO-യെയും ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിക്കുകയും, ശുചിത്വമിഷനെ സാങ്കേതിക സഹായം നൽകാനായി ചുമതലപ്പെടുത്തിയും പി.പി.പി അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിന് നടപടി എടുത്തു വരുന്നു. |

സെക്ഷൻ ഓഫീസർ